(ബി) ഓരോ വർഷവും എത്ര കൊലപാതകങ്ങൾ നടന്നെന്ന് വെളിപ്പെടുത്താമോ ;

(സി) 2011 മേയ് മുതൽ നാളിതുവരെ എത്ര സി.പി.ഐ (എം) പ്രവർത്തകർ കൊല ചെയ്യപ്പെട്ടെന്ന് വിശദമാക്കാമോ ;

(ഡി) സി.പി.ഐ(എം) പ്രവർത്തകരെ കൊലപ്പെടുത്തിയ കേസുകളിൽ ഓരോ കേസിലെയും പ്രതികളുടെ രാഷ്ട്രീയ ബന്ധം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 1407 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഓരോ വർഷവും എത്ര കൊലപാതകങ്ങൾ നടന്നുവെന്നുള്ള വിവരം ചുവടെ ചേർക്കുന്നു :

18-5-2011 മുതൽ 31-12-2011	2012	2013	2014	2015 മാർച്ച് 1 വരെ
206	392	371	365	73

(സി) 2011 മേയ് മുതൽ (ഈ സർക്കാർ അധികാരത്തിൽ വന്നശേഷം) നാളിതുവരെ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ 12 സി.പി.ഐ.(എം) പ്രവർത്തകർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) സി.പി.ഐ.(എം) പ്രവർത്തകരെ കൊലപ്പെടുത്തിയ കേസുകളിൽ ഓരോ കേസിലെയും പ്രതികളുടെ രാഷ്ട്രീയ ബന്ധം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചന്ദ്രബോസിന്റെ കൊലപാതകം

219 (225) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്രബോസിനെ കാർ കയറ്റി കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്വേഷണത്തിലുണ്ടായ അനധികൃത ഇടപെടലുകളും ഗുരുതരമായ വീഴ്ചകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊലയാളിയുമായി മുൻ സിറ്റി പോലീസ് കമ്മീഷണർ രഹസ്യ കൂടിക്കാഴ്ച നടത്തിയതായ വിവരം ലഭിച്ചിട്ടുണ്ടോ; ഇത് ആരുടെ ഇടപെടലിനെ തുടർന്നായിരുന്നുവെന്ന് അറിയിക്കുമോ;

(ഡി) കേസ് അന്വേഷിച്ചുകൊണ്ടിരുന്ന സിറ്റി പോലീസ് കമ്മീഷണർ നിശാന്തിനിയെ അന്വേഷണ ചുമതലയിൽ നിന്ന് മാറ്റിയത് എന്തിനായിരുന്നു; ഇപ്പോൾ അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലുള്ള സംഘമാണ്;

(ഇ) ആശുപത്രിയിലുണ്ടായിരുന്നപ്പോൾ ചന്ദ്രബോസിന് സംസാരശേഷി ഉണ്ടായിരുന്നുവോ ; ചന്ദ്രബോസിന്റെ മരണമൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;പ്രതി നിസാമിനെതിരെ നിലനിൽക്കുന്ന കേസുകൾ ഏതൊക്കെയാണ്?

ഉത്തരം

(എ) സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്രബോസിനെ കാർ കയറ്റി കൊലപ്പെടുത്തിയ കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) അന്വേഷണത്തിൽ അനധികൃത ഇടപെടലുകളുണ്ടായി എന്നുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രതിയുമായി മുൻ സിറ്റി പോലീസ് കമ്മീഷണർ രഹസ്യ കൂടിക്കാഴ്ച നടത്തിയതായി വിവരം ലഭിച്ചിട്ടുണ്ട്. അന്വേഷണത്തിലുണ്ടായ അനധികൃത ഇടപെടലുകളുമായി ബന്ധപ്പെട്ട് ഉണ്ടായ ആരോപണങ്ങളിൽ നോർത്ത് സോൺ എ.ഡി.ജി.പി.-യുടെയും തൃശ്ശൂർ റേഞ്ച് ഐ.ജി.യുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സിറ്റി പോലീസ് മേധാവിയായിരുന്ന ശ്രീ. ജേക്കബ് ജോബ് ഐ.പി.എസ്.-നെ സസ്പെന്റ് ചെയ്തിട്ടുണ്ട്. എന്നാൽ കൂടിക്കാഴ്ചയ്ക്ക് ആരുടെയെങ്കിലും ഇടപെടൽ ഉണ്ടായതായ വിവരം ലഭിച്ചിട്ടില്ല.

(ഡി) കേസിന്റെ അന്വേഷണ ചുമതലയിൽനിന്നും ആരെയും മാറ്റിയിട്ടില്ല. കേസിന്റെ തുടക്കം മുതൽ ഇതുവരെയും അന്വേഷണം നടത്തി വരുന്നത് പേരമംഗലം സർക്കിൾ ഇൻസ്പെക്ടറാണ്. ഇതിനുപുറമേ അന്വേഷണ മേൽനോട്ടം വഹിക്കുന്നത് ഉത്തര മേഖലാ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ആണ്.

(ഇ) കൊല്ലപ്പെട്ട ചന്ദ്രബോസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചനാൾമുതൽ വെന്റിലേറ്ററിലും വെന്റിലേറ്റർ ഐ.സി.യു.-വിലും കഴിഞ്ഞിരുന്നതും മൊഴി നൽകാൻ പ്രാപ്തനല്ലാത്തതും ടിയാൻ വളരെയധികം അത്യാസന്ന നിലയിലായതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

ടിയാനോട് സംഭവത്തെക്കുറിച്ച് ചോദിക്കരുതെന്ന് ഡോക്ടർമാരുടെ നിർദ്ദേശമുള്ളതിനാലും കൊല്ലപ്പെട്ട ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ടി കേസ്സിലെ പ്രതിയായ നിഷാമിനെതിരെ നിലനിൽക്കുന്ന കേസ്സുകൾ ചുവടെ ചേർക്കുന്നു :

1. പേരമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 688/2013 (കേസ് വിചാരണയിലാണ്.)
2. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 950/2013 (കേസ് വിചാരണയിലാണ്.)
3. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1254/2013 (കേസ് വിചാരണയിലാണ്.)
1. പേരമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നം. 173/2015 (കേസ് അന്വേഷണാവസ്ഥയിലാണ്.)
4. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 147/2015 (കേസ് വിചാരണാവസ്ഥയിലാണ്.)
5. പുലികേശി നഗർ (ബാംഗ്ലൂർ സിറ്റി) പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 254/2014 (കേസ് വിചാരണയിലാണ്.)
6. കബൺ പാർക്ക് (ബാംഗ്ലൂർ സിറ്റി) പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 94/2015 (7-4-2015-ാം തീയതി) ബഹു. 8-ാം അഡീഷണൽ ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതി, ബാംഗ്ലൂർ സിറ്റി മുമ്പാകെ ഹാജരാകുവാൻ നിർദ്ദേശിച്ചുകൊണ്ട് ബഹു. കോടതി പ്രൊഡക്ഷൻ വാറണ്ട് നൽകി ഉത്തരവായിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും എതിരെയുള്ള അതിക്രമങ്ങൾ

220 (226) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും എതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് കൂടുതൽ ശാസ്ത്രീയ സമീപനങ്ങളും ശക്തമായ നടപടികളും സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly